13-ാം കേരള നിയമസഭ

7-ാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 620

06.02.2013 ലെ മറുപടിയ്ക്ക്

സ്വർണ്ണപണയത്തിന്മേലുള്ള കാർഷിക വായ്പ

| ചോദ്യം<br>ശ്രീ. എം.പി.വിൻസെന്റ് | | മറുപടി<br>ശ്രീ. കെ.എം.മാണി<br>(ബഹു. ധനകാര്യവും, നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സ്വർണ്ണ പണയത്തിന്മേൽ കാർഷിക വായ്പ നൽകുന്നതിന് പരിഗണിക്കുന്ന സ്ഥലവിസ്തൃതി കുറവ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ; | (എ) | സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ കാർഷിക വായ്പകൾ വിതരണം ചെയ്യുന്നത് ജില്ലാതല ടെക്നിക്കൽ കമ്മിറ്റി കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന സ്കെയിൽ ഓഫ് ഫിനാൻസിനു വിധേയമായിട്ടാണ്.<br>കാർഷികവിള, വിളയുടെ കാലയളവ്, കൃഷി ചെലവ്, വിളയ്ക്ക് വേണ്ടി വരുന്ന സ്ഥലത്തിന്റെ വിസ്തൃതി എന്നിങ്ങനെയുള്ള നിരവധി ഘടകങ്ങൾ പരിഗണിച്ചു കൊണ്ടാണ് സ്കെയിൽ ഓഫ് ഫിനാൻസ് നിശ്ചയിക്കുന്നത്. വായ്പയ്ക്ക് ഈട് എന്നുള്ള നിലയിലാണ് സ്വർണ്ണ ഉരുപ്പടികൾ പണയമായി സ്വീകരിക്കുന്നത്. ആയതും സ്ഥല വിസ്തൃതിയുമായി ബന്ധമില്ലാത്തതാണ്. |
| (ബി) | നിലവിലെ കാർഷിക ചെലവിന്റെ അടിസ്ഥാനത്തിൽ വായ്പാ പരിധി ഉയർത്തുന്നതു പരിഗണിക്കുമോ ? | (ബി) | സഹകരണ സംഘം രജിസ്ട്രാറുടെ 12/10 സർക്കുലർ പ്രകാരം സംസ്ഥാനത്തെ സഹകരണസംഘങ്ങൾ/ ബാങ്കുകൾ വിതരണം ചെയ്യുന്ന ഹ്രസ്വകാല/ മധ്യകാല കാർഷിക വായ്പകളുടെ പരിധി 10 ലക്ഷം രൂപയായി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ നെൽ കൃഷിയ്ക്ക് പരിധിയില്ലാതെ പലിശ രഹിത വായ്പയും നൽകുന്നതാണ്. ജില്ലാ തലത്തിൽ അടുത്ത് കൂടുന്ന ടെക്നിക്കൽ കമ്മിറ്റികൾ സ്കെയിൽ ഓഫ് ഫിനാൻസ് മാറ്റം വരുത്തുന്ന പക്ഷം വായ്പാ പരിധി ഉയർത്തുന്ന കാര്യം പരിഗണിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ